പതിനഞ്ച്

# രക്ഷയുടെ പ്രത്യാശ

റവ. ഡോ. ഇസഡ് എം. മൂഴൂർ

പുണ്യാത്മാക്കളുടെ ചരമദിനം അവരുടെ തിരുനാൾസുദിനമായിട്ടാണ് ആഘോഷിക്കാറുള്ളത്. അവർ ഈ ലോകത്തോട് വിടപറയുന്ന അതേ നിമിഷം സ്വർഗ്ഗത്തിലെ പൗരനായി ജന്മം സ്വീകരിക്കുന്നു. 1871-ൽ കൂനമ്മാവ് ആശ്രമത്തിൽ ദിവംഗതനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സ്വർഗീയ ജന്മദിനമാണ് ജനുവരി മൂന്ന്.

ഇദംപ്രഥമമായി ഭാരതത്തിൽ ആരംഭിച്ച സി.എം.ഐ., സി.എം.സി സന്യാസ സമൂഹങ്ങളുടെ ജനയിതാവ് എന്ന വിശേഷണത്തിൽ ഒതുങ്ങി നില്ക്കുന്നതല്ല വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വ്യക്തിത്വം.

പൊതുവികാരി ജനറാൾ എന്ന നിലയിൽ കേരളത്തിലെ ആകമാന സുറിയാനി ക്രൈസ്തവ സമൂഹത്തിന്റെ സമാരാധ്യനായ നേതാവായിരുന്നു അദ്ദേഹം; ഇന്നത്തെ മേജർ ആർച്ച്ബിഷപ്പിന്റേതിനു സമാനമെന്നു വേണമെങ്കിൽ വിശേഷിപ്പിക്കാമായിരുന്ന പദവിതന്നെ.

അധികാരം എന്നത് ആ വ്യക്തിത്വത്തിന് അലങ്കാരം ആയിരുന്നില്ല. കേരളസഭയ്ക്ക് നിത്യം നിലനിൽക്കുന്ന സംഭാവനകൾ ചെയ്യണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. സഹസ്രാബ്ദങ്ങൾ കൊണ്ട് സാധിതമാകാത്ത നേട്ടങ്ങൾ ചുരുക്കം വർഷങ്ങൾകൊണ്ട് അദ്ദേഹം നേടി.

നല്ല വൈദികരെ വാർത്തെടുക്കുവാൻ ആവശ്യം വേണ്ടത് നല്ല സെമിനാരികളാണ്. അതിനുവേണ്ടി ഇടവക വൈദികർക്കും സന്യാസികൾക്കും വെവ്വേറെ സെമിനാരികൾ തുടങ്ങി.

ആധ്യാത്മിക നവീകരണത്തിനായി ഇടവകവൈദികർക്ക് ധ്യാനം ഏർപ്പെടുത്തി. ഇടവക ജനങ്ങളെ പ്രബുദ്ധരാക്കുവാൻ ഇടവകധ്യാനങ്ങൾ ആരംഭിച്ചു. ഞായറാഴ്ച പ്രസംഗങ്ങൾ നിർബന്ധിതമാക്കി. അതിനായി വേണ്ടവിധം ഒരുങ്ങി നോട്ടുബുക്കുകൾ എഴുതി തയ്യാറാക്കണമെന്നും നിയമം ഉണ്ടാക്കി.

സമുദായത്തിന് പുരോഗതി ഉണ്ടാക്കാൻ ഏറ്റവും പ്രധാനമായത് വിദ്യാഭ്യാസമാണ്. പള്ളികളോടൊപ്പം പള്ളിക്കൂടങ്ങൾ തുടങ്ങണമെന്നും, അല്ലാത്തപക്ഷം പള്ളികൾക്ക് ശിക്ഷ നൽകുമെന്നും സർക്കുലർ ഇറക്കി. ഇന്ന് സുറിയാനി കത്തോലിക്കർ വിദ്യാഭ്യാസരംഗത്ത് മുൻപന്തിയിൽ നിൽക്കുന്നതിന്റെ രഹസ്യം ചാവറയച്ചൻ അന്നാളുകളിൽ ഇവ്വിധം ഉണർന്നുപ്രവർത്തിച്ചതാണ്.

ഭരണസൗകര്യാർത്ഥം കേരള സഭയെ നാല് റീജിയനുകളാക്കി മാറ്റി. ഓരോന്നിനും ഡെപ്യൂട്ടി വികാരി ജനറാൾമാരെ നിയമിച്ചു... ഈ അധികാര വികേന്ദ്രീകരണം ഒന്നര നൂറ്റാണ്ടു മുൻപേ അദ്ദേഹം തുടങ്ങി എന്നത് ഓർക്കുക.

ഇടവകകൾ നടത്തുന്നതിനും അതിനുകീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും പണം ആവശ്യമായിരുന്നു. അതിനായി നൂറ്റുക്കഞ്ഞ് എന്ന തരത്തിൽ പിരിവ് തുടങ്ങിയത് ചാവറയച്ചന്റെ പരിഷ്കാരം ആയിരുന്നു.

ചുരുങ്ങിയ കാലം കൊണ്ട് വിപ്ലവകരമായ പരീക്ഷണങ്ങളും പരിഷ്കാരങ്ങളും നടത്താൻ ചാവറയച്ചനുണ്ടായ ദീർഘവീക്ഷണത്തിന് ആദരവ് നൽകാം. ഒന്നര നൂറ്റാണ്ടുമുമ്പ് അദ്ദേഹം തുടങ്ങിവച്ച കാര്യങ്ങൾ അല്പസ്വൽപം മാറ്റങ്ങളോടെ ഇന്നും കേരളസഭ തുടർന്നു പോരുകയാണല്ലോ.

സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിലും നവീനമായ രീതികൾ തുടങ്ങിയ വ്യക്തിയാണ് ചാവറയച്ചൻ. അദ്ദേഹം സ്വന്തമായി വാഴപ്പിണ്ടിയിൽ രൂപകൽപ്പന ചെയ്ത് നിർമ്മിച്ച പ്രസ്സ് അച്ചടിരംഗത്ത് ചരിത്രം സൃഷ്ടിച്ചു. ഭാരതത്തിലെ ആദ്യത്തെ അനാഥശാലയാണ് ചാവറയച്ചൻ കൈനകരിയിൽ സ്ഥാപിച്ച ഉപവിശാല.

സാഹിത്യരംഗത്ത് അനിഷേധ്യമായ സ്ഥാനം അലങ്കരിക്കുന്ന വ്യക്തിയാണ് ചാവറയച്ചൻ. *ആത്മാനുതാപ*മെന്ന ബൃഹദ് കാവ്യവും *അനസ്താസിയായുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടുന്ന പാന* എന്നീ ഖണ്ഡകാവ്യങ്ങളും കാവ്യകലയ്ക്ക് വിശിഷ്ട ഉപഹാരങ്ങളാണ്. *നാളാഗമം* എന്ന ഗദ്യകൃതി ആത്മാർത്ഥതയുടെ തിളക്കം കാട്ടുന്നു.

സന്യാസസഭാ സ്ഥാപകൻ, വികാരിജനറാൾ, വാഗ്മി, ഗ്രന്ഥകാരൻ, കവി, സമുദായാചാര്യൻ, പണ്ഡിതൻ തുടങ്ങി എത്രയെത്ര വിശേഷണപദങ്ങൾ കൊണ്ട് വാഴ്ത്തപ്പെട്ട ചാവറയച്ചനെ വിശേഷിപ്പിച്ചാലും അത് പൂർണമാവില്ല. ദൈവത്തെ മനുഷ്യനു പ്രദാനം ചെയ്ത സാക്ഷാൽ *ദൈവത്തിന്റെ മനുഷ്യനായിരുന്നു* അദ്ദേഹം. ലോകത്തിലെ സകല മനുഷ്യർക്കും ഐശ്വര്യവും സുഖവും ആഗ്രഹിച്ച വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ അനുഗ്രഹാശിസ്സുകൾ നമ്മുടെ പ്രശ്നസങ്കീർണ്ണമായ സമൂഹത്തിനു രക്ഷയുടെ കരുതലും സാന്ത്വനവും പ്രത്യാശയുമാകട്ടെ. ■